**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*643.** **03.04.2018 ൽ മറുപടിയ്ക്ക്**

**ഡീ അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിമുക്തി എന്ന പേരിൽ ലഹരി വിരുദ്ധ ബോധവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) | രൂപീകരിച്ചിട്ടുണ്ട്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായ മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതും, ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതും വിമുക്തി മിഷന്റെ പ്രധാന ദൗത്യങ്ങളിൽപ്പെടുന്നു. നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും മോചിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ നടപ്പാക്കി വരുന്നു.<br>ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണവും പങ്കാളിത്തത്തോടെയും സംസ്ഥാന, ജില്ലാ വാർഡ്തലത്തിൽ വിമുക്തി മിഷന്റെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | കൂടുതൽ മദ്യഷോപ്പുകൾ തുറന്ന് മദ്യത്തിന്റെ വ്യാപനം നടക്കുന്ന സാഹചര്യത്തിൽ മദ്യത്തിനെതിരെ സർക്കാർ നടത്തുന്ന പ്രചരണം വിജയപ്രദമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | മദ്യശാലകൾ വ്യാപിപ്പിക്കുക എന്നത് സർക്കാരിന്റെ നയമല്ല. കേരള സമൂഹത്തിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ഇടയിലെ മദ്യാസക്തിയും ലഹരി മരുന്നുകളുടെ ഉപഭോഗവും ലഘൂകരിക്കുന്നതിന് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യിലൂടെ നടപ്പിലാക്കിയ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ കഴിഞ്ഞിട്ടു |

| | | | |
|---|---|---|---|
| | | | ണ്ടെന്ന് സർക്കാർ വിലയിരുത്തുന്നു. മദ്യത്തിന്റെ ലഭ്യത കുറഞ്ഞതുകൊണ്ട് മാത്രം മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം കുറയുകയില്ല എന്നത് യാഥാർത്ഥ്യമാണ്. മദ്യഉപഭോഗത്തിനെതിരായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ എത്തിക്കുക എന്ന ദൗത്യത്തിനാണ് സർക്കാർ ഊന്നൽ നൽകിയിട്ടുളളത്. |
| (സി) | എക്സൈസ് വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡീ അഡിക്ഷൻ സെന്ററുകൾ വഴി 2017 ൽ എത്രപേരെ ലഹരിയിൽ നിന്നും മോചിപ്പിക്കുവാൻ സാധിച്ചു; | (സി) | എക്സൈസ് വകുപ്പിന്റെ കീഴിൽ ഡീ അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നില്ല. |
| (ഡി) | പുനരധിവാസ സംവിധാനമുളള മാതൃകാ ഡീ അഡിക്ഷൻ സെന്റർ സ്ഥാപിക്കുവാനുളള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിന് എന്തെങ്കിലും കേന്ദ്രസഹായം ലഭ്യമാണോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) | കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ പ്രവർത്തനത്തിന്റെ ഭാഗമായി ബാംഗ്ലൂർ നിംഹാൻസ് മാതൃകയിൽ അന്തർ ദേശീയ നിലവാരത്തിൽ, പുനരധിവാസ സംവിധാനമടക്കമുള്ള ഒരു ഡീ-അഡിക്ഷൻ സെന്റർ കോഴിക്കോട് തുടങ്ങുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചു വരുന്നു. മാതൃകാ ഡീ-അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനത്തിനാവശ്യമായ കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ